**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3612** **12-03-2025 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകലാശാലയിൽ പുതുതായി ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സ് പഠിപ്പിക്കുന്നതിനായി അസിസ്റ്റന്റ് പ്രൊഫസർമാരെ തെരഞ്ഞെടുത്ത റാങ്ക് പട്ടിക റദ്ദാക്കിയോ; റാങ്ക് പട്ടിക റദ്ദാക്കാനുള്ള കാരണം എന്താണ്; പകരം അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; യുജിസി ചട്ടമനുസരിച്ചാണോ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചത്; വിശദമാക്കാമോ? | (എ) | റാങ്ക് പട്ടിക നിലവിൽ വന്നിട്ടില്ല.<br><br>കേരള സർവകലാശാലയിൽ പുതുതായി ആരംഭിച്ച നാലുവർഷ ബിരുദ കോഴ്സ് പഠിപ്പിക്കുന്നതിനായി അസിസ്റ്റന്റ് പ്രൊഫസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചിരുന്നുവെങ്കിലും ബഹു. ഹൈക്കോടതിയുടെ WP(C) No. 36283/2024-ലെ 03.02.2025 തീയതിയിലെ വിധി പ്രകാരം പ്രസ്തുത പ്രക്രിയ ഒന്നാകെ റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്. നാലു വർഷ ബിരുദകോഴ്സുകൾക്ക് നിലവിലുള്ള സ്ഥിരം അദ്ധ്യാപകരെ കൂടാതെ താത്ക്കാലികമായി അദ്ധ്യാപകരെ നിയോഗിക്കുന്നതിന് സർവകലാശാല തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ